**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 420** **04-07-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ ഭാഗമായി പണി പൂർത്തീകരിച്ച റീച്ചുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 2 റീച്ചുകളിലായി പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 6.25 കിലോമീറ്ററും, മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കിലോമീറ്ററും ചേർത്ത് ആകെ 10.10 കിലോമീറ്റർ റോഡു നിർമ്മാണവും, കോഴിക്കോട് ജില്ലയിലെ 1 കിലോമീറ്റർ വരുന്ന ഏലത്തൂർ കോരപ്പുഴ പാലത്തിന്റെ നിർമ്മാണവുമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. |
| (ബി) | പൂർത്തീകരിച്ച റീച്ചുകളെ നേരത്തെ നൽകിയ വാഗ്ദാനമനുസരിച്ച് സൈക്കിൾ ട്രാക്കോടു കൂടി ഡിസൈൻ ചെയ്ത റോഡായി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച റോഡ് റീച്ചുകളിൽ മുൻനിശ്ചയിച്ച പ്രകാരം സൈക്കിൾ ട്രാക്ക് ഉൾപ്പെടെയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. മലപ്പുറം ജില്ലയിൽ പൂർത്തിയാക്കിയ രണ്ട് പ്രവൃത്തിയിലും സൈക്കിൾ ട്രാക്കോടുകൂടിയാണ് ഹൈവേ നിർമ്മിച്ചിരിക്കുന്നത്. |
| (സി) | നിർമ്മാണം പൂർത്തിയായ പ്രദേശങ്ങളെ വിലയിരുത്തി തീരദേശത്ത് ഭാവിയിൽ ഉണ്ടാകാവുന്ന വികസനങ്ങൾ വിശദമാക്കാമോ; | (സി) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തിയായ മലപ്പുറം ജില്ലയിലെ മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.8 കിലോമീറ്റർ നീളം വരുന്ന റീച്ച് പൂർത്തീകരിച്ചത് പ്രദേശത്തിന്റെ സമഗ്രവികസനത്തിന് സഹായകരമാകുന്നുണ്ട്. ഈ റോഡ് മെച്ചപ്പെട്ടതോടെ പ്രദേശത്തെ മത്സ്യബന്ധന മേഖലയ്ക്ക് സഹായകരമായിട്ടുണ്ട്. അതോടൊപ്പം പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ഒുവൽ തീരം ബീച്ചിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ സഹായകരമാകുകയും ഇത് മുഖാന്തിരം കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തീരദേശ ഹൈവേ പൂർത്തിയാകുന്നതോടെ തീരമേഖലയുടെ തൊഴിലും ജീവിതനിലവാരവും ഉയരും. തീരമേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികാസവും അത്തരം കേന്ദ്രങ്ങളിൽ തീരദേശജനതയ്ക്ക് കൂടുതൽ തൊഴിലവസരവും ലഭ്യമാകും. മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ എടുക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഇതിലൂടെ മത്സ്യബന്ധന വിപണനം ശക്തി പ്പെടുത്താനും സാധിക്കുന്നതാണ്. ഉപഭോക്താ ക്കൾക്ക് സുഗമമായി ഹാർബറുകളിലേക്ക് എത്തിച്ചേരു ന്നതിന് വഴിയൊരുക്കുന്നതിലൂടെ മത്സ്യബന്ധന തൊഴിലാളികൾക്ക് മികച്ച വിലയും ഉപഭോക്താക്കൾക്ക് നല്ല മത്സ്യത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനും തീരദേശ ഹൈവേ പൂർത്തീകരിക്കുന്നതിലൂടെ സാധ്യമാകുന്നതാണ്. കൂടാതെ റോഡ് ഉപയോക്താക്കളുടെയും തദ്ദേശവാസികളുടെയും ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലാണ് നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി പാർക്കിംഗ് ബേ, ബസ് ബേ, ട്രക്ക് ബേകൾ, ടൂറിസം സൗകര്യങ്ങൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങിയ പാതയോര സൗകര്യങ്ങൾ/ Wayside Amenities ഹൈവേയിൽ ഉടനീളം നിശ്ചിത ഇടവേളകളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങൾക്ക് പകരം വൈദ്യുതി ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, ഓരോ 12 കിലോമീറ്റർ ഇടവേളയിലും ചാർജിംഗ് സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഏതൊക്കെ ഭാഗങ്ങളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂർ വരെ ആകെ 600 കിലോമീറ്ററോളം വരുന്ന തീരദേശ ഹൈവേ പദ്ധതിയുടെ 529.5 കി.മീ ഭാഗമാണ് കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് നിർമ്മിക്കുന്നത്. ഇതിൽ 525 കി.മീ കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയും, 4.5 കി.മീ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരള മുഖേനയുമാണ് നിർവ്വഹണം നടത്തുന്നത്. |
| (ഇ) | നിലവിൽ ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി ലഭിച്ച റീച്ചുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (ഇ) | തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് സാമ്പത്തികാനുമതി ലഭിച്ച റീച്ചുകൾ ചുവടെ ചേർക്കുന്നു.<br><br>**1. തിരുവനന്തപുരം ജില്ല- 4 റീച്ചുകൾ - 74.20 കി.മീ** |

റീച്ച് 1 - പൊഴിയൂർ മുതൽ കോവളം വരെ 18.94 കി.മീ - 55.07 കോടി

റീച്ച് 2 - കുമരിച്ചന്ത മുതൽ പള്ളിത്തുറ വരെ 18.08 കി.മീ - 255.09 കോടി

റീച്ച് 3 - പള്ളിത്തുറ മുതൽ ഒന്നാംപാലം വരെ 21.53 കി.മീ- 135.59 കോടി

റീച്ച് 4 - ഒന്നാംപാലം മുതൽ കാപ്പിൽ വരെ 15.65 കി.മീ- 72.87 കോടി

**2. കൊല്ലം ജില്ല- 3 റീച്ചുകൾ - 41.5 കി.മീ**

റീച്ച് 1 - കാപ്പിൽ മുതൽ തങ്കശ്ശേരി വരെ 17.80 കി.മീ

- 179.57 കോടി

·റീച്ച് 2 - തങ്കശ്ശേരി മുതൽ നീണ്ടകര വരെ 7.18 കി.മീ

- 41.03 കോടി

റീച്ച് 3 - ഇടപ്പള്ളികോട്ട മുതൽ അഴീക്കൽ വരെ

16.52 കി.മീ. - 122.70 കോടി

**3. ആലപ്പുഴ ജില്ല- 2 റീച്ചുകൾ - 54.99 കി.മീ**

റീച്ച് 1 - വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെ 22.10 കി.മീ -142.57 കോടി

റീച്ച് 3 - SH ബൈപാസ് ക്രോസിങ്ങ് മുതൽ സൗത്ത് ചെല്ലാനം വരെ- 32 .89 കി മീ-91.02കോടി.

**4. എറണാകളം ജില്ല-2 റീച്ചുക - 48.00 കി.മീ.**

റീച്ച് 1 - സൗത്ത് ചെല്ലാനം മുതൽ ഫോർട്ട് കൊച്ചി വരെ 21.30-184.60 കോടി.

റീച്ച് 2 - പുതുവൈപ്പ് മുതൽ മുനമ്പം വരെ 26.70 കി.മീ -238.66 കോടി.

**5. തൃശ്ശൂർ ജില്ല - 3 റീച്ചുകൾ - 61.94 കി.മീ.**

റീച്ച് 1 - അഴീക്കോട് മുനമ്പം പാലം 0.875 കി.മീ.- 181.55 കോടി.

റീച്ച് 2 - അഴീക്കോട് മുതൽ വലപ്പാട് വരെ 32.14 കി.മീ - 182.81 കോടി.

· റീച്ച് 3 - വലപ്പാട് - കാപ്പിരിക്കാട് 28.92 കി.മീ - 136.28 കോടി.

**6.മലപ്പുറം ജില്ല - 5 റീച്ചുകൾ - 36.05 കി.മീ.**

റീച്ച് 1 - പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 14.98 കി.മീ - 57.78 കോടി.

റീച്ച് 2 - ഉണ്ണിയാൽ മുതൽ മുഹിയുദ്ധീൻ പള്ളി വരെ 8.1കി.മീ.- 41.54 കോടി

റീച്ച് 3 - മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കി.മീ -27.5 കോടി

റീച്ച് 4 - കെട്ടുങ്ങൽ മുതൽ അരിയല്ലൂർ വരെ

8.89 കി.മീ - 21.01 കോടി

റീച്ച് 5 - മുദിയം പാലം - 0.23 കി.മീ - 23.92 കോടി

ആർ.ബി.ഡി.സി.കെ യെ ഏൽപ്പിച്ച മലപ്പുറം ജില്ലയിലെ ചെ.0/00 മുതൽ ചെ.4/800 വരെയുള്ള ഭാഗം.

**7. കോഴിക്കോട്- ജില്ല - 11 റീച്ചുകൾ -49.51 കി.മീ**

റീച്ച് 1 - കടലുണ്ടി കടവ് മുതൽ മടത്തിൽ പാടം വരെ 5.69 കി.മീ - 10.11 കോടി

റീച്ച് 3 - ബിസി റോഡ് മുതൽ കോതി വരെ 6.50 കി.മീ - 86.25 കോടി.

റീച്ച് 5 - പുതിയാപ്പ മുതൽ പുതിയനിരത്ത് വരെ 0.45 കി.മീ - 2 കോടി

റീച്ച് 6 - പുതിയനിരത്ത് മുതൽ കോരപ്പുഴ വരെ 3.46 കി.മീ - 0.61 1 കോടി

റീച്ച് 7 - കോരപ്പുഴ പാലം - 28.85 കോടി

റീച്ച് 8 - കോരപ്പുഴ മുതൽ കൊയിലാണ്ടി വരെ 10.94 കി.മീ - 11.76 കോടി

റീച്ച് 9 - കൊയിലാണ്ടി മുതൽ മുത്തായം വരെ 6.59 കി.മീ -105.28 കോടി

റീച്ച് 10 - മുത്തായം മുതൽ കൊടിക്കൽ വരെ 4.53 കി.മീ - 3.55 കോടി

റീച്ച് 11 - കൊടിക്കൽ മുതൽ കൊളവിപ്പാലം വരെ 7.50 കി.മീ -64.47 കോടി

റീച്ച് 12 - കൊളാവിപ്പാലം മുതൽ കോട്ടക്കൽ കടവ്

വരെ 2.86 കി.മീ -34.33 കോടി

റീച്ച് 13 - കുഞ്ഞാലി മരക്കാർ പാലം 0.99 കി.മീ - 49.77 കോടി

| | | | |
|---|---|---|---|
| | | | 8.**കണ്ണൂർ- ജില്ല - 4 റീച്ചുകൾ -45.61 കി.മീ**<br><br>റീച്ച് 1 - മാഹി മുതൽ പയ്യാമ്പലം വരെ 31.10 കി.മീ - 133.82 കോടി<br><br>റീച്ച് 3 - മീൻകുന്ന് മുതൽ ചാൽ വരെ 3.7 കി.മീ - 2.42 കോടി<br><br>റീച്ച് 5 - പാലക്കോട് മുതൽ കുന്നരു സിറ്റി വരെ 4.67 കി.മീ - 34.71 കോടി<br><br>റീച്ച് 8 - കുന്നരു സിറ്റി മുതൽ പാണ്ട്യാലക്കടവ് വരെ 6.14 കി.മീ -6.50 കോടി<br><br>9.**കാസർഗോഡ്- ജില്ല - 2 റീച്ചുകൾ -56.29 കി.മീ**<br><br>റീച്ച് 1 - വലിയപറമ്പ് പാലം 0.44 കി.മീ - 55.45 കോടി.<br><br>റീച്ച് 2 - പാണ്ട്യാലക്കടവ് മുതൽ പന്നിക്കുന്ന് വരെ 56.15 കി.മീ - 44.68 കോടി |

സെക്ഷൻ ഓഫീസർ